LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ഐ.ഡി. കാർഡ് പരിഷ്കരണം

343 (354) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.റ്റി.സിയിൽ ജീവനക്കാർക്ക് നിലവിലുണ്ടായിരുന്ന ഐ.ഡി കാർഡ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതുപ്രകാരം ഏതെല്ലാം തലത്തിലുള്ള എത്ര ജീവനക്കാർക്ക് പരിഷ്കരിച്ച നൽകി ;

(സി) ഈ പരിഷ്കരണത്തിന് ചെലവായ തുക എത്ര; ഇതിന്റെ ഉറവിടം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) എല്ലാ തലത്തിലുള്ള ജീവനക്കാർക്കും നൽകുവാനാണ് തീരുമാനിച്ചിരിക്കുന്നത്. പ്രാരംഭഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.യുടെ കേന്ദ്ര ഓഫീസിലെ ജീവനക്കാരായ 509 പേർക്ക് പരിഷ്കരിച്ച ഐ.ഡി. കാർഡ് വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇപ്രകാരം പരിഷ്കരിച്ച ഐ.ഡി. കാർഡ് 44,000 എണ്ണത്തിന് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. കാർഡ് ഒന്നിന് എല്ലാ നികുതികളും ഉൾപ്പെടെ 168 രൂപയാണ് ചെലവ്. സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ലഭിച്ച തുകയാണ് ഇതിനായി വിനിയോഗിക്കുന്നത്.

എടത്വ കെ.എസ്.ആർ.ടി.സി ഓഫീസ് കെട്ടിട നിർമ്മാണം

344 (355) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള എടത്വ കെ.എസ്.ആർ.ടി.സി. ഓഫീസ് കെട്ടിട നിർമ്മാണം എത്രത്തോളം പൂർത്തീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ഓഫീസ് കെട്ടിടത്തിന്റെ മുൻവശത്ത് കൂട്ടിയിട്ടിരിക്കുന്ന സ്ക്രാപ്പും വേസ്റ്റും നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(സി) കെട്ടിടം അടിയന്തരമായി തുറന്ന് കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?